# സീമാറ്റ്-കേരള

State Institute of Educational Management and Training

## വാർഷിക റിപ്പോർട്ട്
## 2021-2022

**സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിങ് -കേരള**

**ചെയർമാൻ (റിപ്പോർട്ട് കാലയളവിൽ)**

ശ്രീ. വി. ശിവൻകുട്ടി
ബഹു.പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി

**വൈസ് ചെയർമാൻ (റിപ്പോർട്ട് കാലയളവിൽ)**

എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ്

**ഡയറക്ടർ**

ഡോ. സാബു എച്ച്.

## പ്രതിസന്ധികളിൽ തളരാതെ.

ബഹുമാന്യരേ,

നമ്മുടെ പൊതുവിദ്യാഭ്യാസമേഖല മാറ്റങ്ങളുടെ പാതയിലാണ്. ജനാധിപത്യ സമൂഹത്തിന്റെ നട്ടെല്ല് അടിസ്ഥാന വിദ്യാഭ്യാസം നേടിയ ജനതയാണ് എന്ന് പറയേണ്ടതില്ലല്ലോ. കേരളത്തിന്റെ വികസന ചരിത്രത്തെ വിലയിരുത്തുമ്പോൾ പൊതുവിദ്യാഭ്യാസ മേഖലയുടെ കീഴിലുണ്ടാക്കിയ നേട്ടങ്ങളും മുന്നേറ്റങ്ങളും അതുല്യങ്ങളാണ്. പഠനമികവിലും അധ്യാപന നിലവാരത്തിലും അടിസ്ഥാന സൗകര്യവികസനത്തിലും കഴിഞ്ഞ കാലങ്ങളിലുണ്ടായ ക്രിയാത്മക പരിണാമങ്ങളുടെ ഗുണഫലം പഠനാന്തരീക്ഷത്തിലും പ്രതിഫലിക്കുന്നുണ്ട്. ദുരന്തങ്ങളുടെ പ്രവാഹം കഴിഞ്ഞ ചില വർഷങ്ങളിലായി സൃഷ്ടിച്ച പ്രതിസന്ധികൾക്കിടയിലും കാലികമായ മാറ്റങ്ങളെ ഉൾക്കൊണ്ടുകൊണ്ട് നൂതന വിദ്യാഭ്യാസ ദർശനം വളർത്തിയെടുക്കാനും നമുക്കായി. ഇക്കാലയളവിൽ രാജ്യത്തിനാകെ മാതൃകയാകുംവിധം പഠന-ബോധന പ്രക്രിയ നിലനിർത്തുകയും സജീവമാക്കുകയും പൊതുപരീക്ഷകൾ മാതൃകാപരമായി സംഘടിപ്പിക്കുകയും ചെയ്തുകൊണ്ട് പൊതുസമൂഹത്തിന്റെയും പഠിതാക്കളുടെയും മനോബലം ഉയർത്താൻ പൊതുവിദ്യാഭ്യാസ വകുപ്പിനും സർക്കാരിനും സാധിച്ചത് ശ്ലാഘനീയം തന്നെ. വിദ്യാർത്ഥി കേന്ദ്രീകൃതമായ പഠനസമ്പ്രദായത്തിൽ ഗുണപരവും മൂല്യവത്തുമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുകയാണ് വിദ്യാകിരണം മിഷന്റെ പ്രവർത്തനങ്ങളിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. മിഷന്റെയും സർക്കാരിന്റെയും ജനകീയ ഇടപെടലുകൾക്കൊപ്പം നിന്ന് പ്രവർത്തിക്കാനും മികച്ച ആസൂത്രണത്തിലൂടെ പദ്ധതികൾ നടപ്പിലാക്കാനും സീമാറ്റ്-കേരളയ്ക്കായിട്ടുണ്ട്.

പഠനതന്ത്രങ്ങൾ, മൂല്യനിർണയം, പഠനസാമഗ്രികൾ തുടങ്ങിയ ഘടകങ്ങളിൽ പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാനും കൃത്യമായി അവ നടപ്പിലാക്കാനും സ്കൂൾ ലീഡർ എന്ന നിലയിൽ കാര്യക്ഷമമായി പ്രവർത്തിക്കാനും പ്രഥമാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം, കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം എന്നിവ വെർച്വൽ/ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ മികച്ച രീതിയിൽ സംഘടിപ്പിക്കാൻ കഴിഞ്ഞ വർഷം സീമാറ്റ്-കേരളയ്ക്കായി. എൽ.പി./യു.പി., ഹൈസ്കൂൾ പ്രഥമാധ്യാപകർ, ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ, വൊക്കേഷണൽ ഹയർസെക്കന്ററി കരിയർ മാസ്റ്റർമാർ, വിദ്യാഭ്യാസ വകുപ്പിലെ മിനിസ്റ്റീരിയർ സ്റ്റാഫ് തുടങ്ങി വിദ്യാഭ്യാസ നേതൃത്വങ്ങളിൽപെടുന്ന അയ്യായിരത്തോളം പേരുടെ പരിശീലനമാണ് വിജയകരമായി പൂർത്തീകരിച്ചത്.

കോവിഡ്-19 പൊതുവിദ്യാഭ്യാസ മേഖലയിൽ സൃഷ്ടിച്ച ആഘാതം സുസൂക്ഷ്മം അവധാരണം ചെയ്യുന്ന ഗവേഷണപഠനം അവസാനഘട്ട മിനുക്ക് പണിയിലാണ്.

പ്രൈമറിതലം മുതൽ ഹയർസെക്കന്ററി തലം വരെ ഏകീകരിക്കുന്നതിന്റെ ഭാഗമായി രൂപീകരിച്ച കമ്മിറ്റിയുടെ സംഘാടന ചുമതല സീമാറ്റ്-കേരളയെ ചുമതലപ്പെടുത്തിയത് കഴിഞ്ഞ വർഷമാണ്. പുതുതലമുറയുടെ വൈജ്ഞാനിക കർമ്മ മേഖലകളിലെ മികവുറ്റ മാറ്റങ്ങളെ വർത്തമാന കേരളം ഏറെപ്രതീക്ഷയോടെ ഉറ്റുനോക്കുകയാണ്. വിദ്യാർത്ഥികളുടെ ജീവിതാവശ്യങ്ങളും വിദ്യാഭ്യാസാവശ്യങ്ങളും സമാനമല്ല. അതിനാൽത്തന്നെ എല്ലാ വിഭാഗങ്ങളിൽപെട്ട വിദ്യാർത്ഥികളേയും പൊതുധാരയിലേക്ക് എല്ലാവരെയും കൈപിടിച്ചുയർത്താൻ ലക്ഷ്യമിട്ടുകൊണ്ട് വിവിധ പദ്ധതികൾ പൊതുവിദ്യാഭ്യാസ വകുപ്പ് വിഭാവനം ചെയ്യുന്നു. സർക്കാരിന്റെ 2-ാം ഘട്ട നൂറു ദിന പരിപാടിയുടെ ഭാഗമായി നടത്തിയ ഗോത്ര മേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ ഒരു പഠനം - എന്ന ഗവേഷണപരിപാടി ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ആവിഷ്ക്കരിക്കപ്പെട്ടതാണ്. ടീം സീമാറ്റ്-കേരള 5 ജില്ലകൾ കേന്ദ്രീകരിച്ച് പഠനം നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. വയനാട്, പാലക്കാട്, മലപ്പുറം, ഇടുക്കി, തിരുവനന്തപുരം എന്നീ ജില്ലകൾ കേന്ദ്രീകരിച്ച് നടത്തിയ ഗവേഷണ പരിപാടിയുടെ അന്തിമ റിപ്പോർട്ട് സമർപ്പണത്തിന് തയ്യാറായിട്ടുണ്ട്.

സീമാറ്റ്-കേരള സ്റ്റാഫ് അംഗങ്ങൾക്കായി ഒരു ഓറിയന്റേഷൻ പ്രോഗ്രാമും വിജയകരമായി സംഘടിപ്പിക്കുകയുണ്ടായി. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ പ്ലാനിംഗ് ആൻ അഡ്മിനിസ്ട്രേഷന്റെ ഭാഗമായി പ്രവർത്തിക്കുന്ന നാഷണൽ സെന്റർ ഫോർ സ്കൂൾ ലീഡർഷിപ്പിന്റെ സംസ്ഥാന നോഡൽ ഏജൻസിയായ സ്കൂൾ ലീഡർഷിപ്പ് അക്കാദമി - കേരള (SLA-K) യുടെ പ്രവർത്തനങ്ങളുടെ ഭാഗമായി രണ്ട് പ്രഭാഷണ പരമ്പരകൾ സംഘടിപ്പിച്ചു. SLA-K ന്റെ യു ട്യൂബ് ചാനലിൽ സ്കൂൾ വിദ്യാഭ്യാസ മാനേജ്മെന്റുമായി ബന്ധപ്പെട്ട വീഡിയോകൾ അപ്‌ലോഡ് ചെയ്തു. മാത്രമല്ല CPFSL-ന്റെ മൊഡ്യൂൾ തയ്യാറാക്കി നീപ (NIEPA) ക്ക് സമർപ്പിക്കുകയും ചെയ്തു.

സീമാറ്റ്-കേരളയുടെ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി തയ്യാറാക്കിയ ഇൻ ഹൗസ് ജേർണൽ സഫലം ഉടൻ പ്രസിദ്ധീകരണം ആരംഭിക്കുന്നതാണ്. ആദ്യലക്കത്തിന്റെ എഡിറ്റിംഗ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ചുരുക്കത്തിൽ ഗുണപരമായ മാറ്റത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നതിനും നിയുക്തമായ സംവിധാനങ്ങളെ ശാക്തീകരിക്കുന്നതിനുമായി സീമാറ്റ്-കേരള ചിട്ടയായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വാർഷിക റിപ്പോർട്ട്, ഓഡിറ്റ് റിപ്പോർട്ട് എന്നിവ അടങ്ങിയ 2021-22 ലെ റിപ്പോർട്ടുകൾ സവിനയം പൊതുസമൂഹത്തിന് മുന്നിൽ സമർപ്പിക്കുന്നു.

തിരുവനന്തപുരം
.../..../2022

**ഡോ. സാബു എച്ച്.**
**ഡയറക്ടർ**

# ഉള്ളടക്കം


| ഭാഗം – 1<br>**വാർഷിക റിപ്പോർട്ട്** | | പേജ് |
|---|---|---|
| അദ്ധ്യായം - 1 | ആമുഖം | |
| അദ്ധ്യായം - 2 | സീമാറ്റ്-കേരള : ഭരണ സംവിധാനവും ഉദ്യോഗസ്ഥവിന്യാസവും | |
| അദ്ധ്യായം - 3 | സീമാറ്റ്-കേരള : ഉദ്ദേശ്യലക്ഷ്യങ്ങൾ | |
| അദ്ധ്യായം - 4 | സീമാറ്റ്-കേരളയിലെ വിവിധ വകുപ്പുകളും ടാർഗറ്റ് ഗ്രൂപ്പും | |
| അദ്ധ്യായം - 5 | പരിശീലനപരിപാടികളുടെ പ്രധാന വിഷയങ്ങൾ | |
| അദ്ധ്യായം - 6 | 2021-22 ൽ സംഘടിപ്പിച്ച പരിശീലന പരിപാടികൾ | |
| അദ്ധ്യായം - 7 | മറ്റ് പ്രവർത്തനങ്ങൾ | |
| അദ്ധ്യായം - 8 | അക്കാദമിക് ജേർണലും ഗവേഷണവും | |
| അദ്ധ്യായം - 9 | പരിപാടികൾ ഒറ്റനോട്ടത്തിൽ | |
| അദ്ധ്യായം - 10 | സ്കൂൾ ലീഡർഷിപ്പ് അക്കാദമി - കേരള | |
| ഭാഗം –2<br>**ഭരണ റിപ്പോർട്ട്** | | |
| ഭാഗം –3<br>**ഓഡിറ്റ് റിപ്പോർട്ടും ഓഡിറ്റഡ് അക്കൗണ്ട്സും** | | |

# ഭാഗം – 1

# വാർഷിക റിപ്പോർട്ട്

# അദ്ധ്യായം - 1

## ആമുഖം

വിദ്യാഭ്യാസ ആസൂത്രണ-ഭരണ മേഖലകളിൽ സമഗ്രവും ഫലപ്രദവുമായ ഇടപെടൽ നടത്തുന്നതിന് ദേശീയതലത്തിൽ NIEPA യും (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ പ്ലാനിംഗ് ആന്റ് അഡ്മിനിസ്ട്രേഷൻ) സംസ്ഥാനങ്ങളിൽ സീമാറ്റുകളും (സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ്) ആരംഭിക്കണമെന്ന ശിപാർശ 1986 ലെ ന്യൂ എഡ്യൂക്കേഷൻ പോളിസി ഡോക്യുമെന്റിൽ ഉണ്ടായിരുന്നു. പ്രസ്തുത ശുപാർശയുടെ ചുവടുപിടിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിനുകീഴിൽ പ്രവർത്തനം ആരംഭിച്ച സ്വയംഭരണ സ്ഥാപനമാണ് സീമാറ്റ്-കേരള. 1955 ലെ ട്രാവൻകൂർ-കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുളള ഇൻസ്റ്റിറ്റ്യൂട്ട്, കേന്ദ്രകൽപ്പിത സർവകലാശാലയായ NIEPA യുടെ മാതൃകയിലാണ് രൂപീകരിച്ചിരിക്കുന്നത്. 2005 ജൂലൈ 21 ൽ പ്രവർത്തനമാരംഭിച്ച സീമാറ്റ്-കേരള 2011 ഫെബ്രുവരി 11 മുതൽ തിരുവനന്തപുരം അട്ടക്കുളങ്ങര ഗവൺമെന്റ് സെൻട്രൽ സ്കൂളിന് സമീപം പണിപൂർത്തിയാക്കിയ മന്ദിരസമുച്ചയത്തിൽ പ്രവർത്തിച്ചുവരുന്നു.

കേരളത്തിലെ പൊതുവിദ്യാഭ്യാസ മേഖലയിൽ നേതൃസ്ഥാനം വഹിക്കുന്ന വിവിധ മേധാവികൾക്കും, പ്രഥമാധ്യാപകർക്കും ഉദ്യോഗസ്ഥർക്കും അനുബന്ധവിഭാഗങ്ങൾക്കും ഭരണനിർവഹണ കാര്യങ്ങളിൽ വിദഗ്ദ്ധപരിശീലനം നൽകി വിദ്യാഭ്യാസരംഗത്തെ ചലനാത്മകവും പുരോഗമനാത്മകവുമാക്കി മികവിലേയ്ക്കുയർത്തുകയാണ് സീമാറ്റ്-കേരളയുടെ ലക്ഷ്യം. വിദ്യാഭ്യാസാസൂത്രണത്തിനും നിർവഹണത്തിനും സഹായകമായ ഫലപ്രാപ്തി പഠനങ്ങളും, സൂക്ഷ്മാസൂത്രണവും, ഗവേഷണവും നടത്തിക്കൊണ്ട് കൈപ്പുസ്തകങ്ങൾ അടക്കമുളളവ പ്രസിദ്ധീകരിച്ചുകൊണ്ടും സീമാറ്റ്-കേരള സംസ്ഥാനത്തിന്റെ വിദ്യാഭ്യാസ പുരോഗതിക്ക് ആക്കം കൂട്ടുന്നു.

വിദ്യാഭ്യാസാസൂത്രണത്തെയും നിർവഹണത്തെയും വികേന്ദ്രീകരിക്കുന്നതിൽ നിർണായക പങ്കുവഹിച്ചുകൊണ്ട് മികവിന്റെ കേന്ദ്രമായി വികാസം പ്രാപിക്കുകയെന്ന മഹത്തായ ലക്ഷ്യത്തിലേയ്ക്കാണ് സീമാറ്റ്-കേരള ചുവടുവയ്ക്കുന്നത്. ഈ ലക്ഷ്യ-ദൗത്യത്തിലേയ്ക്ക് ചിട്ടയായ ആസൂത്രണത്തിലൂടെയും ആശയരൂപീകരണ പ്രയത്നത്തിലൂടെയും എത്തിച്ചേരാനുളള പദ്ധതികളും പരിപാടികളുമാണ് സീമാറ്റ്-കേരള ആവിഷ്ക്കരിക്കുന്നതും നടപ്പിലാക്കിവരുന്നതും.

സംസ്ഥാന പൊതുവിദ്യാഭ്യാസ മേഖലയിലെ നേതൃസ്ഥാനീയരായ ഉദ്യോഗസ്ഥർക്ക് മികവുറ്റ പരിശീലനം നൽകുന്നതിനൊപ്പം പരിശീലന പരിപാടികൾക്കാവശ്യമായ ആശയങ്ങളും വിഷയങ്ങളും ഗവേഷണ പ്രവർത്തനത്തിലൂടെ ഉരുത്തിരിച്ചെടുക്കുക,

വിദ്യാഭ്യാസാസൂത്രണവും ഗവേഷണവുമായി ബന്ധപ്പെട്ട പഠനങ്ങൾ നടത്തുക, വിവരശേഖരണം നടത്തുക, കാര്യക്ഷമമായ വിദ്യാഭ്യാസ മാനേജ്മെന്റ് സംവിധാനം നടപ്പിലാക്കാനാവശ്യമായ നൂതനാശയങ്ങൾ കൂട്ടായ പ്രവർത്തനങ്ങളിലൂടെ വികസിപ്പിക്കുക, അവ ക്രോഡീകരിച്ച് വിദ്യാഭ്യാസ മാനേജ്മെന്റ് നയരൂപീകരണ പ്രക്രിയയ്ക്ക് ലഭ്യമാക്കുക, വിദ്യാഭ്യാസ മാനേജ്മെന്റ് പ്രോഗ്രാമുകളുടെ സമയബന്ധിതമായ വിലയിരുത്തൽ നടത്തുക എന്നിവയും സീമാറ്റ്-കേരളയുടെ പ്രധാന ഉത്തരവാദിത്തങ്ങളാണ്.

# അദ്ധ്യായം – 2
# സീമാറ്റ്-കേരള – ഭരണ സംവിധാനം

ദ്വിതല ഭരണ സംവിധാനമാണ് സീമാറ്റ്-കേരളയുടേത്. ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായ പൊതുസമിതിയും ബഹു. മന്ത്രി തന്നെ ചെയർമാനായ 12 അംഗ നിർവാഹകസമിതിയുമാണ് ഇൻസ്റ്റിറ്റ്യൂട്ടിനുള്ളത്. പൊതുസമിതിയിൽ (ജനറൽ കൗൺസിൽ) സംസ്ഥാന സർക്കാർ നോമിനികളായ അഞ്ച് അനൗദ്യോഗിക അംഗങ്ങളാണുള്ളത്. കൂടാതെ കേന്ദ്രവിദ്യാഭ്യസ മന്ത്രാലയത്തിന്റെ പ്രിതിനിധിയും NIEPA യുടെ പ്രതിനിധിയും ജനറൽ കൗൺസിലിൽ അംഗങ്ങളാണ്. ജനറൽ കൗൺസിലിലേയ്ക്ക് സംസ്ഥാന സർക്കാർ നോമിനേറ്റ് ചെയ്യുന്ന അഞ്ച് അനൗദ്യോഗിക അംഗങ്ങളിൽ മൂന്ന് പേർ നിർവാഹക സമിതിയിലേയും അംഗങ്ങളാകുന്നു.

മേൽ സമിതികളിലെ അനൗദ്യോഗിക അംഗങ്ങളുടെ കാലാവധി പൂർത്തിയായതിനാൽ ഇരുസമിതികളും പുനഃസംഘടിപ്പിക്കുന്നതിനുള്ള നടപടി പുരോഗമിച്ച് വരികയാണ്. ജനറൽ കൗൺസിലിലെയും എക്സിക്യൂട്ടീവ് കമ്മിറ്റിയിലെയും ഔദ്യോഗിക അംഗങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

## പൊതുസമിതി (General Council)

| | | | |
|---|---|---|---|
| 1 | ശ്രീ. വി. ശിവൻകുട്ടി, ബഹു. വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി | - | ചെയർമാൻ |
| 2 | സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ് | - | വൈസ് ചെയർമാൻ |
| 3 | പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ് | - | മെമ്പർ |
| 4 | പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നതവിദ്യാഭ്യാസവകുപ്പ് | - | മെമ്പർ |
| 5 | സെക്രട്ടറി, പ്ലാനിംങ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് | - | മെമ്പർ |
| 6 | വൈസ് ചാൻസലർ/ഡീൻ ഓഫ് എഡ്യുക്കേഷൻ, കേരള യൂണിവേഴ്സിറ്റി | - | മെമ്പർ |
| 7 | മെമ്പർ (എഡ്യുക്കേഷൻ), സംസ്ഥാന ആസൂത്രണ ബോർഡ് | - | മെമ്പർ |
| 8 | ഡയറക്ടർ, പൊതുവിദ്യാഭ്യാസവകുപ്പ് | - | മെമ്പർ |
| 9 | ഡയറക്ടർ, ഹയർ സെക്കന്ററി എഡ്യുക്കേഷൻ | - | മെമ്പർ |
| 10 | ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. | - | മെമ്പർ |
| 11 | ഡയറക്ടർ, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട് | - | മെമ്പർ |
| 12 | ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ഇൻ ഗവൺമെന്റ് | - | മെമ്പർ |
| 13 | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരള | - | മെമ്പർ |
| 14 | ഡയറക്ടർ, സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യുക്കേഷണൽ ടെക്നോളജി, തിരുവനന്തപുരം | - | മെമ്പർ |
| 15 | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം | - | മെമ്പർ |
| 16 | ഡയറക്ടർ, സീമാറ്റ്-കേരള | - | മെമ്പർ സെക്രട്ടറി |


## നിർവാഹകസമിതി (Executive Committee)

| | | | |
|---|---|---|---|
| 1 | ശ്രീ. വി. ശിവൻകുട്ടി, ബഹു. വിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രി | - | ചെയർമാൻ |
| 2 | സെക്രട്ടറി, പൊതുവിദ്യാഭ്യാസവകുപ്പ് | - | വൈസ് ചെയർമാൻ |
| 3 | പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യവകുപ്പ് | - | മെമ്പർ |
| 4 | സെക്രട്ടറി, പ്ലാനിംങ് ആന്റ് ഇക്കണോമിക് അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് | - | മെമ്പർ |
| 5 | ഡയറക്ടർ, പൊതുവിദ്യാഭ്യാസവകുപ്പ് | - | മെമ്പർ |
| 6 | സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, സമഗ്ര ശിക്ഷ കേരള | - | മെമ്പർ |
| 7 | ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. | - | മെമ്പർ |
| 8 | ഡയറക്ടർ, സീമാറ്റ്-കേരള | - | മെമ്പർ സെക്രട്ടറി |

## റിപ്പോർട്ട് കാലയളവിലെ ഡയറക്ടർ

**ഡോ. സാബു എച്ച്.**

## സീമാറ്റ്-കേരള - ഉദ്യോഗസ്ഥ വിന്യാസം



## അദ്ധ്യായം – 3

## സീമാറ്റ്-കേരള -ഉദ്ദേശ്യലക്ഷ്യങ്ങൾ

- ✓ വിദ്യാഭ്യാസാസൂത്രണത്തിലും മാനേജ്മെന്റിലും മികവിന്റെ കേന്ദ്രമാകുക.
- ✓ ആസൂത്രണ നിർവഹണത്തിന്റെ ഗുണമേൻമ ഉയർത്തുക.
- ✓ വിദ്യാഭ്യാസാസൂത്രണ മാനേജ്മെന്റിൽ ഗവേഷണങ്ങൾ നടത്തുകയും അവ ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
- ✓ മറ്റ് സംസ്ഥാന സർക്കാരുകളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും ആവശ്യപ്രകാരം വേണ്ട വിദഗ്ധ നിർദേശങ്ങൾ നൽകുക.
- ✓ വിദ്യാഭ്യാസ മാനേജ്മെന്റുമായും ആസൂത്രണവുമായും ബന്ധപ്പെട്ട ആശയങ്ങളുടെയും വിവരങ്ങളുടെയും ശുദ്ധീകരണശാലയായി പ്രവർത്തിക്കുക.
- ✓ സമാനസ്വഭാവമുള്ള സ്ഥാപനങ്ങളുടെ കൂട്ടായ്മ രൂപപ്പെടുത്തുക.
- ✓ മേൽപ്പറഞ്ഞ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കുന്നതിനായി ലേഖനങ്ങളും മാഗസിനുകളും, ജേർണലുകളും പ്രസിദ്ധീകരിക്കുക.
- ✓ വിദ്യാഭ്യാസ നവീകരണവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും അധ്യാപകരുടെയും മറ്റ് സ്വയംഭരണസ്ഥാപനങ്ങളുടെയും പങ്കാളിത്തം സീമാറ്റ്-കേരളയിൽ ഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുക.
- ✓ നൂതന പദ്ധതികൾ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കുക.
- ✓ വിദ്യാഭ്യാസ മാനേജ്മെന്റും ആസൂത്രണവുമായി ബന്ധപ്പെട്ട ഗവേഷണപദ്ധതികൾ നടത്തുക.
- ✓ സാങ്കേതിക വിഭവങ്ങളുടെ പരമാവധി ഉപഭോഗത്തിനായി മറ്റു സ്ഥാപനങ്ങളുടെ സഹായം ഉറപ്പുവരുത്തുക.
- ✓ വിദ്യാഭ്യാസാസൂത്രണവും മാനേജ്മെന്റുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാരിനും, വിദ്യാഭ്യാസസ്ഥാപനങ്ങൾക്കും ഉപദേശം നൽകുക.
- ✓ വിദ്യാഭ്യാസ മാനേജ്മെന്റുമായി ബന്ധപ്പെട്ട മേഖലയിൽ സെമിനാറുകളും ശില്പശാലകളും സമ്മേളനങ്ങളും സിംപോസിയങ്ങളും സംഘടിപ്പിക്കുക.
- ✓ വിദ്യാഭ്യാസ ഓഫീസർമാർക്കുള്ള പ്രീ-സർവീസ്, ഇൻ-സർവീസ് കോഴ്സുകൾ സംഘടിപ്പിക്കുക.
- ✓ വിദ്യാഭ്യാസമേഖലയിലെ ആസൂത്രണവും നയരൂപീകരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജനപ്രതിനിധികൾ ഉൾപ്പെടെയുള്ള വ്യക്തികൾക്ക് ബോധവൽക്കരണ പരിപാടികളും സെമിനാറുകളും സംഘടിപ്പിക്കുക.
- ✓ വിദ്യാഭ്യാസമേഖലയിലെ ആസൂത്രണവും മാനേജ്മെന്റുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വ്യക്തികൾക്ക് അക്കാദമികവും തൊഴിലധിഷ്ഠിതവുമായ നിർദേശങ്ങൾ നൽകുക.

## അദ്ധ്യായം – 4

## സീമാറ്റ്-കേരളയിലെ വിവിധ വകുപ്പുകളും ടാർഗറ്റ് ഗ്രൂപ്പും

സീമാറ്റ്-കേരളയുടെ പ്രവർത്തനങ്ങൾ 5 വകുപ്പുകൾക്ക് കീഴിൽ ഉൾപ്പെടുത്തിക്കൊണ്ട് മുന്നോട്ട് കൊണ്ടു പോകുന്നത്.

- **പോളിസി പ്ലാനിംങ്, മോണിറ്ററിംങ് ആന്റ് ഇവാല്യുവേഷൻ വിഭാഗം**

വിദ്യാഭ്യാസമേഖലയിൽ പുതുതായി ഉരുത്തിരിയുന്ന ആശയങ്ങളെപ്പറ്റിയും വിഷയങ്ങളെപ്പറ്റിയും കാഴ്ചപ്പാടുകളെപ്പറ്റിയും പഠനം നടത്തുക എന്നതാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതല. വിദ്യാഭ്യാസാസൂത്രണത്തിലും മാനേജ്മെന്റിലും പ്രാഥമികമായ ഊന്നൽ നൽകിക്കൊണ്ട് ഇന്ത്യൻ സാഹചര്യത്തിൽ നയരൂപീകരണം എങ്ങനെയാണ് സാധ്യമാകുന്നത്, അതിന്റെ ഉരുത്തിരിയൽ എങ്ങനെയാണ് എന്നതിനെക്കുറിച്ചും ഈ വിഭാഗം പഠിക്കുന്നു. നയരൂപീകരണത്തെക്കുറിച്ചും മാനേജ്മെന്റ് പരിശീലനങ്ങളെപ്പറ്റിയുമുള്ള വിലയിരുത്തലുകൾ നടത്തി. വിദ്യാഭ്യാസ നയരൂപീകരണവുമായി ബന്ധപ്പെട്ട വിവിധതരം പരിശീലനങ്ങൾ, ശില്പശാലകൾ, ചർച്ചകൾ തുടങ്ങിയ പരിപാടികൾ സീമാറ്റ്-കേരള സംഘടിപ്പിക്കുന്നത് ഈ വകുപ്പിന്റെ ആഭിമുഖ്യത്തിലാണ്. അത്തരം വിലയിരുത്തലുകൾ നടത്തുന്നതിനുള്ള സങ്കേതങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ ഗവേഷണങ്ങൾ നടത്തിക്കൊണ്ട് സീമാറ്റ്-കേരളയുടെ ആത്യന്തിക ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന്, മറ്റു വിഭാഗങ്ങളോടൊപ്പം ചേർന്നുകൊണ്ട് നിരന്തരം പരിശ്രമിക്കുക എന്നതാണ് വിഭാഗത്തിന്റെ ലക്ഷ്യം.

- **മാനേജ്മെന്റ് ട്രെയിനിംങ് വിഭാഗം**

വിദ്യാഭ്യാസ മേധാവികൾക്കും ഭരണതലത്തിൽ നേതൃത്വം നൽകുന്നവർക്കും വിദ്യാഭ്യാസ നിർവ്വഹണത്തിൽ പരിശീലനം നൽകാനുള്ള ചുമതല ഈ വിഭാഗത്തിനാണ്. സ്വാഭാവികമായും വിവിധ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകളും ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാമുകളും ആസൂത്രണം ചെയ്യുന്നതും സംഘടിപ്പിക്കുന്നതും മാനേജ്മെന്റ് ട്രെയിനിംഗ് വിഭാഗമാണ്. സംസ്ഥാനത്തെ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കിമാറ്റാനാവശ്യമായ പരിശീലനമാണ് വിവിധ വിഭാഗങ്ങളിൽപെടുന്ന മേധാവികൾക്ക് നൽകിവരുന്നത്. ഇതുമായി ബന്ധപ്പെട്ട ആസൂത്രണം, നിർവ്വഹണം, മൊഡ്യൂൾ തയ്യാറാക്കൽ തുടങ്ങിയവ സാധ്യമാക്കാനാവശ്യമായ ശിൽപ്പശാലകൾ സംഘടിപ്പിക്കുന്നതിനുള്ള ചുമതലയും ഈ വിഭാഗത്തിനുണ്ട്. കൂടാതെ ലക്ഷ്യസാക്ഷാത്കാരത്തിന്, ആവശ്യഘട്ടങ്ങളിൽ, സെമിനാറുകളും ഗവേഷണ പ്രവർത്തനങ്ങളും നടത്താറുമുണ്ട്.

- **റിസർച്ച്, എഡ്യുക്കേഷണൽ ഇന്നവേഷൻ, കൺസൾട്ടൻസി ആന്റ് ഡോക്യുമെന്റേഷൻ വിഭാഗം**

വിദ്യാഭ്യാസാസൂത്രണത്തിലും നിർവഹണത്തിലും സഹായകമായ മികച്ച ഗവേഷണങ്ങൾ നടത്തുന്നതിനായി രൂപീകരിച്ചിരിക്കുന്ന വിഭാഗമാണിത്. വിദ്യാഭ്യാസ രംഗത്ത് നേതൃസ്ഥാനം വഹിക്കുന്നവരുടെ നേതൃഗുണങ്ങളും നിർവഹണശേഷിയും വർധിപ്പിക്കുന്നതിനുള്ള സീമാറ്റ്-കേരളയുടെ ശ്രമത്തിന് ഊർജ്ജംപകരുന്നത് ഈ വിഭാഗമാണ്.ഗുണനിലവാരമുള്ള ഗവേഷണങ്ങൾ നടത്തുന്നതിലും പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കുന്നതിലും വിഭാഗം ബദ്ധശ്രദ്ധമാണ്. വിദ്യാഭ്യാസരംഗത്ത് മികച്ച ഗവേഷണങ്ങൾ നടത്തി, നവീനാശയങ്ങൾ ഉരുത്തിരിച്ചെടുത്താലെ ഗുണനിലവാര വർദ്ധന സാദ്ധ്യമാകൂ. സ്ഥാപനത്തിന്റെ പ്രവർത്തനങ്ങൾ കൃത്യമായി രേഖപ്പെടുത്തേണ്ടതും ഭാവിയിൽ സംശയനിവാരണത്തിനായി അവ ലഭ്യമാക്കേണ്ടതും പരമപ്രധാനമായ കാര്യങ്ങളാണ്. ലൈബ്രറി, ഡേറ്റാബെയ്സ് മുതലായ അനുബന്ധ സേവനങ്ങൾ പ്രയോജനപ്പെടുത്തിയാണ് ഈ വിഭാഗം പ്രവർത്തിക്കുന്നത്.

- **എഡ്യുക്കേഷണൽ പ്ലാനിംങ് ആന്റ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വിഭാഗം**

വിദ്യാഭ്യാസ മാനേജ്മെന്റ് വിവരസംവിധാനം ശക്തിപ്പെടുത്തുന്നതിനായി ഡാറ്റാശേഖരം തയ്യാറാക്കുന്നതിനാവശ്യമായ ഗവേഷണം നടത്തുക, ഡേറ്റാവിശകലനം നടത്തി നയരൂപീകരണത്തിനുള്ള മാർഗനിർദേശങ്ങൾ തയ്യാറാക്കുക തുടങ്ങിയവയാണ് ഈ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ. അതുപോലെ കേരളത്തിലെ പൊതുവിദ്യാഭ്യാസമേഖലയെ ശക്തിപ്പെടുത്തുന്നതിനാവശ്യമായ വിവരവിശകലന പ്രവർത്തനത്തിലും ഈ വിഭാഗം ഭാഗഭാക്കാകുന്നു. സീമാറ്റ്-കേരള അന്തർദേശീയതലത്തിൽ പ്രസിദ്ധമായ സ്ഥാപനങ്ങളുമായുള്ള പങ്കാളിത്തത്തിന് നിരന്തരം ശ്രമിക്കുന്നുണ്ട്. ഈ പ്രവർത്തനത്തിന് ചുക്കാൻ പിടിക്കുന്നതും എഡ്യൂക്കേഷൻ പ്ലാനിംഗ് ആന്റ് മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം വിഭാഗമാണ്. ഡേറ്റാ മാനേജ്മെന്റുമായി ബന്ധപ്പെട്ട വിവിധ തുറകളിൽ ശില്പശാലകളും പരിശീലനപരിപാടികളും സംഘടിപ്പിക്കുക, ഈ മേഖലയിൽ അത്യാധുനിക ഗവേഷണങ്ങൾ നടത്തുക എന്നിവയും ഈ വകുപ്പിന്റെ കർത്തവ്യങ്ങളിൽപ്പെടുന്നു.

- **അഡ്മിനിസ്ട്രേഷൻ ആന്റ് മാനേജ്മെന്റ്**

വിദ്യാഭ്യാസസ്ഥാപനങ്ങളുടെ ഓരോ അധ്യയനവർഷത്തെയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിൽ നിർണായക പങ്കുവഹിക്കുന്ന വിഭാഗമാണിത്. മികച്ച ആസൂത്രണവും മാനേജ്മെന്റും സ്കൂളുകളിൽ മെച്ചപ്പെട്ട പഠനാന്തരീക്ഷം നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. അതിനായി വിദ്യാഭ്യാസസ്ഥാപനങ്ങൾക്ക് നേതൃത്വം നൽകുന്ന വ്യക്തികൾക്കും മറ്റു ഗുണഭോക്താക്കൾക്കും തൊഴിൽപരമായ പരിശീലനവും മാർഗനിർദേശവും നൽകേണ്ടിവരും. അതിനാൽ ഈ വിഭാഗം വിവിധ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാമുകളിലൂടെ പ്ലാനിങ്ങിനെയും മാനേജ്മെന്റിനെയും സംബന്ധിക്കുന്ന പരിശീലനം വിദ്യാഭ്യാസസ്ഥാപനങ്ങളുടെ മേധാവികൾക്കും വിദ്യാഭ്യാസ ഓഫീസർമാർക്കും നൽകിവരുന്നു. ഗവേഷണമടക്കമുള്ള വിവിധ പ്രവർത്തനങ്ങളിലൂടെ പരിശീലനപരിപാടികൾ കാലോചിതമായി പരിഷ്കരിക്കേണ്ടതും ഈ വകുപ്പിന്റെ ചുമതലയാണ്.

## ടാർഗറ്റ് ഗ്രൂപ്പ്

പൊതുവിദ്യാഭ്യാസവകുപ്പിൻ കീഴിലുള്ള മുഴുവൻ ജില്ലാ, ഉപജില്ലാ തലത്തിലുള്ള സ്ഥാപനമേധാവികളും അഡ്മിനിസ്ട്രേറ്റീവ്/അക്കാദമിക് അംഗങ്ങളുമാണ് സീമാറ്റ്-കേരള നടത്തുന്ന വിവിധ മാനേജ്മെന്റ്/ലീഡർഷിപ്പ് പരിപാടികളുടെ ഗുണഭോക്താക്കൾ. ഇതു കൂടാതെ വിദ്യാഭ്യാസവകുപ്പിലെ നേതൃത്വനിരയിലുള്ള എല്ലാ അഡ്മിനിസ്ട്രേറ്റീവ്/ അക്കാദമിക് അംഗങ്ങൾക്കും ഇൻസ്റ്റിറ്റ്യൂട്ട് മാനേജ്മെന്റ് പരിശീലനം നൽകി വരുന്നു. ഡയറ്റ് ഫാക്കൽറ്റിക്കുവേണ്ടി ഫാക്കൽറ്റി ഡവലപ്മെന്റ് പ്രോഗ്രാമുകൾ (FDPs) സംഘടിപ്പിക്കുന്നതും സീമാറ്റ്-കേരളയാണ്.

## അദ്ധ്യായം -5

## പരിശീലന പരിപാടികളുടെ പ്രധാന വിഷയങ്ങൾ

2017-ൽ അതുവരെ സീമാറ്റ്-കേരള നടത്തിവന്നിരുന്ന മാനേജ്മെന്റ് പരിശീലന പരിപാടികളുടെ വിലയിരുത്തൽ നടത്തി അവയെ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (CEP), ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (LEP) എന്നിങ്ങനെ രണ്ട് പ്രധാന വിഭാഗങ്ങളായി തിരിക്കുകയുണ്ടായി. താഴെപ്പറയുന്ന വിഷയങ്ങളിൽ വിദ്യാഭ്യാസ മേഖലയിൽ നേതൃത്വം വഹിക്കുന്ന ഉദ്യോഗസ്ഥർക്കും സ്ഥാപനമേധാവികൾക്കും പരിശീലനം നൽകി വരുന്നു.

**1. പൊതുവിഷയങ്ങൾ**

1. നേതൃത്വപാടവം
2. തീരുമാനമെടുക്കുന്നതിലുള്ള വൈദഗ്ധ്യം
3. യോഗ/മെഡിറ്റേഷൻ/മൈന്റ് ഫുൾനെസ്
4. ടൈം മാനേജ്മെന്റ്
5. ഓഫീസ് മാനേജ്മെന്റ്
6. കമ്മ്യൂണിക്കേഷനിലുള്ള വൈദഗ്ധ്യം
7. ദുരന്തനിവാരണ വൈദഗ്ധ്യം
8. സ്ഥാപനമേധാവി എന്ന നിലയിൽ വിവിധ മേഖലകളിലുള്ള ശേഷി വർധിപ്പിക്കൽ

**2. അക്കാദമിക മാനേജ്മെന്റ്**

1. പരീക്ഷകളും വിലയിരുത്തലും
2. നിർദേശങ്ങളും മേൽനോട്ടവും
3. സ്കൂൾ/ക്ലാസ്റൂം നിരീക്ഷണം
4. സ്വയംവിലയിരുത്തലും നൂതനാശയങ്ങൾ വികസിപ്പിക്കുന്നതിനും പരിശീലനം

**3. വിദ്യാഭ്യാസാധിഷ്ഠിത വിഷയങ്ങൾ**

1. കേരളവിദ്യാഭ്യാസനയവും അതിലെ വ്യവസ്ഥകളും
2. കേരളവിദ്യാഭ്യാസ കമ്മീഷന്റെ റിപ്പോർട്ടുകൾ
3. വിദ്യാഭ്യാസനയങ്ങളുടെ വിലയിരുത്തൽ
4. വിദ്യാഭ്യാസപ്രവണതകളുടെ അവലോകനം

5. SSA/RMSA/KIETപരിപാടികളുടെ നിർവഹണവും വിലയിരുത്തലും
6. പ്രത്യേക പരിഗണനആവശ്യമുള്ള കുട്ടികൾ/വ്യത്യസ്തമായ കഴിവുകളുള്ള കുട്ടികൾ
7. വിദ്യാഭ്യാസമേഖലയിലെ നൂതനാശയങ്ങൾ

മേൽ രൂപരേഖയുടെ അടിസ്ഥാനത്തിൽ, സെഷനുകൾ കൈകാര്യം ചെയ്യുന്ന വിദഗ്ധർ ഓരോ സെഷന്റെയും ഉള്ളടക്കം നിശ്ചയിച്ച് സീമാറ്റ്-കേരളയ്ക്ക് നൽകിവരുന്നു.

**4. പ്രത്യേകവിഷയങ്ങൾ**

1. കേരള സർവീസ് റൂൾസ്
2. കേരള സ്റ്റേറ്റ്സ് സബോർഡിനേറ്റ് സർവീസ് വകുപ്പുകൾ
3. കേരള ഫിനാൻഷ്യൽ കോഡ്
4. ട്രഷറി കോഡ്
5. സെക്രട്ടറിയേറ്റ് മാനുവൽ
6. റൂൾസ് ഓഫ് ബിസിനസ്
7. ജില്ലാ ഓഫീസ് മാനുവൽ
8. പദ്ധതിനിർവഹണത്തിനുള്ള മാനുവൽ
9. ബജറ്റ് തയ്യാറാക്കൽ
10. ഭരണാനുമതിക്കുള്ള നടപടിക്രമം
11. സാങ്കേതികാനുമതിക്കുള്ള നടപടിക്രമം
12. പൊതുവിദ്യാഭ്യാസവുമായി ബന്ധപ്പെട്ട ഗവൺമെന്റ് ഉത്തരവുകളും വ്യവഹാരങ്ങളും
13. വിവരാവകാശ നിയമം, കോടതി വ്യവഹാരങ്ങൾ

**5. വിദ്യാഭ്യാസ സമീപനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ**

വിദ്യാഭ്യാസ രംഗത്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്ന പുതിയ സമീപനങ്ങളും രീതികളും വിദ്യാഭ്യാസ പ്രവർത്തകർക്ക് പരിചയപ്പെടുത്തിക്കൊടുക്കകയാണ് ലക്ഷ്യം. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, വിദ്യാകിരണം മിഷൻ, അക്കാദമിക് മാസ്റ്റർപ്ലാൻ തുടങ്ങിയവയുമായി ബന്ധപ്പെട്ട ആശയങ്ങളും ലക്ഷ്യങ്ങളും സമീപനവും നിർവഹണ രീതികളും പരിചയപ്പെടുത്തുന്നതിന് പ്രത്യേകമായ ഊന്നൽ നൽകുന്നു.

## അദ്ധ്യായം – 6
## 2021–22 ൽ സംഘടിപ്പിച്ച ഓൺലൈൻ പരിശീലനങ്ങൾ

സംസ്ഥാനത്തെ എൽ.പി./യു.പി., ഹൈസ്കൂൾ പ്രഥമാധ്യാപകർ, ഹയർ സെക്കൻഡറി പ്രിൻസിപ്പൽമാർ തുടങ്ങി വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ നേതൃസ്ഥാനങ്ങളിലുള്ളവരാണ് സീമാറ്റ്-കേരള സംഘടിപ്പിക്കുന്ന മാനേജ്മെന്റ് പരിശീലനങ്ങളുടെ ഗുണഭോക്താക്കൾ. 2005 ൽ സീമാറ്റ്-കേരള സ്ഥാപിതമായതുമുതൽ 90855 ലേറെ പേർക്ക് പരിശീലനം നൽകാൻ സാധിച്ചിട്ടുണ്ട്. ഇത്തരം പരിശീലനങ്ങൾ അക്കാദമിക-ഔദ്യോഗിക ജീവിതത്തിൽ പരിശീലനാർത്ഥികളെ ഉന്നതനിലവാരത്തിൽ എത്തിച്ചുവരുന്നു. തങ്ങളുടെ അധികാരപരിധിയിൽപെടുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും, നിയന്ത്രിക്കാനും അവലോകനം ചെയ്യാനും സഹായകമായ അറിവും ഉൾക്കാഴ്ചയും സീമാറ്റ്-കേരള പരിശീലിപ്പിച്ചവർക്ക് ലഭിക്കുന്നുവെന്ന് ഫലപ്രാപ്തി പഠനങ്ങളിൽ വെളിവായിട്ടുണ്ട്. വിദ്യാഭ്യാസ ഓഫീസർമാർക്കും അധ്യാപകർക്കും രക്ഷിതാക്കൾക്കും മാർഗദീപമായി മാറിയ പല കൈപുസ്തകങ്ങളും രേഖകളും ഗവേഷണത്തിലൂടെ തയ്യാറാക്കി നൽകാനും സീമാറ്റ്-കേരളയ്ക്ക് സാധിച്ചു. ഗുണമേന്മയുള്ള പരിശീലനം എല്ലാ ഗുണഭോക്താക്കൾക്കും ലഭ്യമാക്കുക എന്നതാണ് സീമാറ്റ്-കേരളയുടെ പ്രധാന ലക്ഷ്യം. 2021-2022-ൽ വിവിധ വിഭാഗങ്ങളിൽപെടുന്ന 3748 പേർക്കാണ് സീമാറ്റ്-കേരളയുടെ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ മാനേജ്മെന്റ് പരിശീലനം ലഭിച്ചത്.

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞവും വിദ്യാകിരണം മിഷനും വിഭാവനം ചെയ്യുന്ന ഗുണമേന്മ വിദ്യാഭ്യാസം കുട്ടികൾക്ക് ഉറപ്പു വരുത്തേണ്ടതുണ്ട്. കൃത്യമായ വില യിരുത്തലുകളിലൂടെ വേണ്ട പ്രോത്സാഹനം നൽകുന്നതിനും, വെർച്വൽ സംവിധാനത്തിന്റെ പരിമിതികളെ മറികടന്ന് മുന്നോട്ട് പോകുന്നതിനും വിദ്യാഭ്യാസ ഓഫീസർമാരെയും, പ്രഥ മാധ്യാപകരെയും അനധ്യാപക ജീവനക്കാരെയും വിദ്യാഭ്യാസ മാനേജ്മെന്റ് പരിശീലനത്തി ലൂടെ സജ്ജരാക്കുക എന്നതായിരുന്നു സീമാറ്റ്-കേരളയുടെ 2020–2021 അക്കാദമിക വർഷം ഏറ്റെടുത്ത ദൗത്യം. പരമ്പരാഗത രീതിയിലുള്ള പരിശീലനം കോവിഡ്കാലഘട്ടത്തിൽ സാധ്യമല്ല എന്ന തിരിച്ചറിവിൽ നിന്നാണ് വെർച്വൽ പ്ലാറ്റ്ഫോമുകളുടെ സാധ്യതകളെപ്പറ്റി ഇൻസ്റ്റിറ്റ്യൂട്ട് കൂടുതൽ ആലോചനയും ആസൂത്രണവും നടത്തിയത്. വിവിധ തലങ്ങളിൽ വിദഗ്ധരുമായി നടത്തിയ കൂടിയാലോചനകൾക്ക് ശേഷമാണ് പരിശീലന പരിപാടികൾ ഓൺലൈനായിതന്നെ നടത്തണം എന്ന ധാരണയിലെത്തിയത്. അതിന് മുന്നോടിയായി സീമാറ്റ്-കേരളയുടെ ആർ.പി പൂളിലുള്ള വിദഗ്ധർക്ക് ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പി ച്ച് ഓൺലൈൻ സങ്കേതങ്ങൾ ഉപയോഗിച്ച് സമർത്ഥമായി ക്ലാസുകൾ നയിക്കുന്നതിനുള്ള അവബോധം നൽകി.

1. **ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുളള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ എൽ.ഇ.പി.**

സംസ്ഥാനത്ത് സ്കൂൾ വിദ്യാഭ്യാസ രംഗത്ത് ഏറ്റവും സുപ്രധാന ചുമതല വഹിക്കുന്നവരാണ് ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ. മികച്ച സ്കൂൾ ആസൂത്രണങ്ങളിലൂടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്താൻ പ്രിൻസിപ്പൽമാർ ബാധ്യസ്ഥരാണ്. ഉത്തരവാദിത്തത്തോടെയും, ഇച്ഛാശക്തിയോടെയും പ്രവർത്തിക്കുന്നതിന് കഠിനമായ തയ്യാറെടുപ്പുകളും ഇവർക്ക് വേണ്ടി വരുന്നു. സ്കൂളിന്റെ തലവൻ എന്ന നിലയിൽ പ്രവർത്തിക്കുമ്പോഴും അധ്യാപനവും അനുബന്ധ ചുമതലകളും തൊഴിലിന്റെ ഭാഗമാക്കിയാണ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പലിന് പ്രവർത്തിക്കേണ്ടി വരുക. ഈ പശ്ചാത്തലത്തെ കൂടുതൽ സങ്കീർണമാക്കിക്കൊണ്ടാണ് കോവിഡ് മഹാമാരി പൊതുവിദ്യാഭ്യാസ മേഖലയെ മുഴുവനായി ബാധിച്ചത്. പ്രതിസന്ധിഘട്ടത്തിൽ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്ക് കൂടുതൽ ആത്മവിശ്വാസം നൽകി സ്കൂളിന്റെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ മാനേജ്മെന്റ് വൈദഗ്ധ്യം പകർന്നു നൽകുകയാണ് എൽ.ഇ.പി യിലൂടെ സീമാറ്റ്-കേരള ലക്ഷ്യം വച്ചത്. ഹയർസെക്കന്ററി ഡയറക്ടറേറ്റ് മുഖാന്തിരം നൽകിയ രജിസ്ട്രേഷൻ ലിങ്കിൽ രജിസ്റ്റർ ചെയ്ത പ്രിൻസിപ്പൽമാരിൽ നിന്നും 100 പേരെ വീതം ഉൾപ്പെടുത്തിയ ബാച്ചുകളായാണ് പരിശീലന പരിപാടി സീമാറ്റ്-കേരള സംഘടിപ്പിച്ചത്. നാളിതുവരെ നടത്തിയിട്ടുള്ള പരിശീലന അനുഭവങ്ങളുടെ വെളിച്ചത്തിൽ സീമാറ്റ്-കേരളയുടെ പരിശീലനങ്ങളിൽ നിന്ന് പരിശീലനാർത്ഥികൾ എന്താണ് പ്രതീക്ഷിക്കുന്നതെന്ന ഏകദേശ ധാരണ ഇൻസ്റ്റിറ്റ്യൂട്ടിനുണ്ട്. എന്നാൽ കോവിഡ് 19 കാലഘട്ട സ്കൂൾ മാനേജ്മെന്റുമായി ബന്ധപ്പെട്ട് കൂടുതൽ മെച്ചപ്പെട്ട പരിശീലനം സാധ്യമാക്കും എന്ന ലക്ഷ്യത്തോടെ ഓൺലൈൻ വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച വസ്തുതകളെയും അനുമാനങ്ങളെയും മുൻനിറുത്തിയാണ് ഭരണനിർവഹണവും സ്കൂളുകളും, വിദ്യാഭ്യാസവും അക്കാദമിക അഡ്മിനിസ്ട്രേഷനും ഡിജിറ്റൽ ഘട്ടം, കോവിഡ് 19 സ്കൂളുകൾക്കായുള്ള വൈറസ് പ്രോട്ടോകോൾ, കോവിഡ്കാല വിദ്യാഭ്യാസ മാനേജ്മെന്റ് എന്നീ സെഷനുകൾ പത്ത് ബാച്ചുകളായി നടത്തിയ പരിശീലനത്തിൽ ഉൾപ്പെടുത്തിയത്.

2. **എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുളള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ സി.ഇ.പി.**

കോവിഡ് മഹാമാരിക്കാലത്ത് സുഗമമായ പ്രവർത്തനത്തിന് ഊർജ്ജം നൽകുവാനായി നിരവധി ഉത്തരവാദിത്തങ്ങൾ എൽ.പി./ യു.പി പ്രഥമാധ്യാപകർക്ക് വഹിക്കാനുണ്ട്. സർക്കാർ പ്രഖ്യാപിച്ച ഫസ്റ്റ് ബെൽ പ്രോഗ്രാം ഉൾപ്പെടെ കുട്ടികലുടെ പഠനപ്രക്രിയ സജീവമായി നിലനിർത്തുന്നതിൽ നിർണായക പങ്കാണ് പ്രൈമറി പ്രഥമാധ്യാപകർ നിർവഹിച്ചു വരുന്നത്. ഇത്തരം പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമതയോടും

കൃത്യതയോടും നിർവഹിക്കുന്നതിനാവശ്യമായ ആത്മവിശ്വാസം ലഭ്യമാകും വിധത്തിലാണ് സീമാറ്റ്-കേരള പരിശീലന പരിപാടി സംഘടിപ്പിച്ചത്.

പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി ഓൺലൈനിൽ രജിസ്റ്റർ ചെയ്ത പ്രഥമാധ്യാപകരിൽ നിന്ന് 200 പേരടങ്ങുന്ന ബാച്ചുകളായി തിരിച്ചാണ് പരിശീലന പരിപാടി ഗൂഗിൾ പ്ലാറ്റ്ഫോമിൽ സംഘടിപ്പിച്ചത്. പതിന്നാല് ബാച്ചുകളായി സംഘടിപ്പിച്ച ദ്വിദിന പരിശീലനത്തിൽ ദുരന്തനിവാരണവും സ്കൂളുകളും, ഡിജിറ്റൽ കാലഘട്ടത്തിലെ അക്കാദമിക അഡ്മിന്‌ട്രേഷൻ, കോവിഡ് 19 ഉം സ്കൂളുകൾക്കായുള്ള വൈറസ് പ്രോട്ടോക്കോൾ, കോവിഡ്കാല വിദ്യാഭ്യാസ മാനേജ്മെന്റ് എന്നിവയായിരുന്നു പ്രധാന സെഷനുകൾ. അതാത് മേഖലയിലെ വിദഗ്ധർ മാത്രം കൈകാര്യം ചെയ്ത സെഷനുകൾക്ക് മികച്ച പ്രതികരണമാണ് പ്രഥമാധ്യാപകരിൽ നിന്നും പൊതുവിദ്യാഭ്യാസ വകുപ്പിൽ നിന്നും ലഭിച്ചത്.

**3. ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ സി.ഇ.പി.**

കോവിഡ് 19 സാഹചര്യത്തിൽ ഓൺലൈൻ ടീച്ചിംഗ് കാര്യക്ഷമമായി നടപ്പിലാക്കുക, വിലയിരുത്തുക, സഹപ്രവർത്തകരായ അധ്യാപകർക്ക് വേണ്ട പ്രോത്സാഹനവും, പിന്തുണയും നൽകുക, ഭരണപരമായ ചുമതലകൾ നിറവേറ്റുക, വിദ്യാർത്ഥികളുടെ പാഠ്യേതര പ്രവർത്തനങ്ങൾ വിലയിരുത്തുക, അധ്യാപനം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കനുസൃതമായ മാസ്റ്റർപ്ലാൻ തയ്യാറാക്കുക, ഭൗതിക സാഹചര്യങ്ങൾ ഉറപ്പുവരുത്തുക, വിവിധ പോഷക സംഘടനകളെ ഏകോപിപ്പിക്കുക തുടങ്ങി നിരവധിയാണ് ഹൈസ്കൂൾ പ്രഥമാധ്യാപകന്റെ ചുമതലകൾ. കോവിഡ് മഹാമാരി ഇത്തരം ചുമതല നിർവഹണം കൂടുതൽ സങ്കീർണമാക്കുകയോ അസാധ്യമോ ആക്കി മാറ്റിയ സാഹചര്യത്തിലാണ് സീമാറ്റ്-കേരള ഇത്തരമൊരു പരിശീലന പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയത്.

പൊതുവിദ്യാഭ്യാസ വകുപ്പ് വഴി നൽകിയ ലിങ്കിൽ രജിസ്റ്റർ ചെയ്ത പ്രഥമാധ്യാപകരെ 200 പേരടങ്ങുന്ന 5 ബാച്ചുകളായി തിരിച്ചാണ് 5 ബാച്ച് പരിശീലനം പൂർത്തീകരിച്ചത്. കോവിഡ് സാഹചര്യത്തിൽ പ്രഥമാധ്യാപകരുടെ പരിശീലനാവശ്യങ്ങൾ മനസിലാക്കുന്നതിനായി സംഘടിച്ച ശിൽപശാലയിൽ പ്രഥമാധ്യാപകരുടെ പ്രതിനിധികളും പരിശീലകരും വിദഗ്ധരും പങ്കുവച്ച അഭിപ്രായങ്ങൾ കൂടി പരിഗണിച്ചാണ് ദ്വിദിന പരിശീലനത്തിലെ വിവിധ സെഷനുകൾ അന്തിമമാക്കിയത്. ദുരന്തനിവാരണവും സ്കൂളുകളും, വിദ്യാഭ്യാസവും അക്കാദമിക് അഡ്മിനിസ്ട്രേഷനും ഡിജിറ്റൽ ഘട്ടം, കോവിഡ് 19 സ്കൂളുകൾക്കായുള്ള വൈറസ് പ്രോട്ടോകോൾ, കോവിഡ്കാല വിദ്യാഭ്യാസ മാനേജ്മെന്റും ഹൈസ്കൂൾ പ്രഥമാധ്യാപകരുടെ കടമകളും കർത്തവ്യങ്ങളും, മെച്ചപ്പെട്ടതും ഗുണമേന്മയേറിയതുമായ ഇ-ലേർണിംഗ് സാധ്യതകൾ തുടങ്ങിയ സെഷനുകളാണ് പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിരുന്നത്. അതാത് മേഖല

യിലെ വിദഗ്ധർ മാത്രം വിവിധ സെഷനുകൾ കൈകാര്യം ചെയ്ത പ്രോഗ്രാമിന് മികച്ച പ്രതികരണം പരിശീലനാർത്ഥികളിൽ നിന്ന് ലഭിക്കുകയുണ്ടായി.

# അദ്ധ്യായം - 7

# മറ്റ് പ്രവർത്തനങ്ങൾ

**അക്കാദമിക ജേർണൽ**

ദേശീയ-അന്തർദേശീയ പ്രാധാനമുള്ള ഒരു അക്കാദമിക് ജേർണലിന്റെ പ്രസിദ്ധീകരണം സീമാറ്റ്-കേരളയുടെ ചിരകാല സ്വപ്നമായിരുന്നു. ടൈറ്റിൽ വെരിഫിക്കേഷൻ നടപടി ഉചിത മാർഗ്ഗേന പൂർത്തിയാക്കി എഡ്യൂലീഡ് എന്ന പേരിന് RNI രജിസ്ട്രേഷൻ നേടിയെടുക്കാനും എഡിറ്റോറിയൽ എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ആദ്യ ലക്കത്തിന്റെ പ്രസിദ്ധീകരണത്തിനാവശ്യമായ ഇൻവൈറ്റഡ് ആർട്ടിക്കിൾസ് ശേഖരിക്കാനും ആർട്ടിക്കിളുകളുടെ പിയർ റിവ്യൂ നടത്താനും റിപ്പോർട്ട് വർഷം സാധിച്ചു. എഡിറ്റിംഗ്, പ്രൂഫ് റീഡിംഗ്, പേജ് ലേഔട്ട്, കവർ ഡിസൈനിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾ കൂടി പൂർത്തിയാക്കിക്കൊണ്ട് എഡ്യൂലീഡിന്റെ ആദ്യ ലക്കം 2022-23 ആദ്യം പ്രസിദ്ധീകരിക്കുന്നതാണ്.

**റിസർച്ച് പ്രോജക്ട് :- 'പൊതുവിദ്യാഭ്യാസ മേഖലയിൽ കോവിഡ് 19 മഹാമാരി സൃഷ്ടിച്ച ആഘാതം - ഒരു പഠനം'**

കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയിൽ കോവിഡ് 19 മഹാമാരി സൃഷ്ടിച്ച ആഘാതം എത്രത്തോളമെന്ന് കണ്ടെത്തുന്നതിനുവേണ്ടി നടത്തിയ പഠനമാണിത്. പൊതുവിദ്യാഭ്യാസ മേഖലയിലെ നയരൂപീകരണത്തിലും ആസൂത്രണത്തിലും നിർവഹണത്തിലും അവശ്യം വരുത്തേണ്ട മാറ്റങ്ങൾ എന്തൊക്കെയെന്നു കണ്ടെത്തുകയാണ് ഫംഗ്ഷണൽ ഗവേഷണത്തിന്റെ പരിധിയിൽ വരുന്ന ഈ പഠനത്തിന്റെ ലക്ഷ്യം. കോവിഡ് 19 ന്റെ തുടർ തരംഗങ്ങളിൽ വലയുന്ന കേരളത്തിൽ സാമ്പ്രദായിക രീതിയിലുള്ള ദത്തശേഖരണവും അപഗ്രഥനവും അസാധ്യമാണ്. സ്കൂളുകൾ പൂർണമായും പ്രവർത്തിച്ചു തുടങ്ങാത്ത സാഹചര്യമാകയാൽ ഫീൽഡ് ഇൻവെസ്റ്റിഗേറ്റർമാരെ നിയോഗിക്കാൻ കഴിയുന്ന സാഹചര്യമല്ല നിലനിന്നത്. വിദ്യാഭ്യാസ ഓഫീസർമാരെയും പ്രഥമാധ്യാപകരെയും ഗവേഷണ പങ്കാളികളാക്കിക്കൊണ്ടുള്ള പങ്കാളിത്തരീതിയിലാണ് ഈ ഗവേഷണം നടത്തിയിട്ടുള്ളത്. വിവരവിനിമയസാങ്കേതികവിദ്യകളുടെ സഹായവും സമൂഹ മാധ്യമങ്ങളുടെ സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തികൊണ്ട് നടത്തിയ ഈ ഗവേഷണ പഠനത്തിന്റെ റിപ്പോർട്ട് തയ്യാറായിക്കഴിഞ്ഞു.

**ട്രൈബൽ മേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ - ഒരു പഠനം**

സർക്കാരിന്റെ രണ്ടാം നൂറ് ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി *ഗോത്രമേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ - ഒരു പഠനം* എന്ന ഗവേഷണ പദ്ധതി ആരംഭിച്ചു. ഈ പദ്ധതിയുടെ

ഭാഗമായി വയനാട്, പാലക്കാട്, ഇടുക്കി, മലപ്പുറം, തിരുവനന്തപുരം ജില്ലകളിലെ ഡയറ്റുക ളുമായും ബി.ആർ.സി. കളുമായും സഹകരിച്ച് പ്രാഥമികവിവരശേഖരണം നടത്താനാണ് ലക്ഷ്യമിട്ടത്. പാലക്കാട്, ഇടുക്കി ജില്ലകളിലെ ഗോത്രമേഖല കേന്ദ്രീകരിച്ചുള്ള വിവിധ ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും ഊര് സന്ദർശനവും മോഡൽ റസിഡൻഷ്യൽ സ്കൂൾ അടക്ക മുള്ള ട്രൈബൽ സ്കൂളുകളും സന്ദർശിച്ച് പ്രാഥമിക വിവരശേഖരണം പൂർത്തീകരിച്ചു. ട്രൈബൽ മേഖല കേന്ദ്രീകരിച്ച് നടത്തുന്ന പഠനത്തിന്റെ അടിസ്ഥാനം ടി മേഖലയിൽ ജോലി ചെയ്യുന്ന വിദ്യാഭ്യാസ ഓഫീസർമാർക്കും പ്രഥമാധ്യാപകർക്കും മറ്റ് വിദ്യാഭ്യാസ പ്രവർത്തകർക്കും പരിശീലനം നൽകുകയാണ് ഉദ്ദേശ്യം.

# അദ്ധ്യായം – 8
# പരിപാടികൾ ഒറ്റനോട്ടത്തിൽ

| 2021-22 സാമ്പത്തികവർഷത്തെ പരിപാടികൾ | | | |
|---|---|---|---|
| ക്രമ നം. | പ്രോഗ്രാമിന്റെ പേര് | സ്ഥലം, തീയതി | ചെലവ് (രൂപ) |
| 1 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് – 6) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ആഗസ്റ്റ് 5, 6 | 17,610/- |
| 2 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് – 7) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ആഗസ്റ്റ് 10, 11 | 17,074/- |
| 3 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് – 8) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ആഗസ്റ്റ് 11, 12 | 16,451/- |
| 4 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് – 9) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 സെപ്തംബർ 1, 2 | 16,273/- |
| 5 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് – 10) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 സെപ്തംബർ 2, 3 | 20,647/- |
| 6 | പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസ വകുപ്പിലെ വിവിധ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുന്നതിനായുള്ള ഏകദിന ശില്പശാല | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 സെപ്തംബർ 7 | 20,634/- |
| 7 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് – 11) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 സെപ്തംബർ 15, 16 | 16,336/- |
| 8 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് –12) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 സെപ്തംബർ 16, 17 | 15,998/- |
| 9 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് –13) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 സെപ്തംബർ 23, 24 | 15,307/- |

| | | | |
|---|---|---|---|
| 10 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 14) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 സെപ്തംബർ 24, 25 | 15,477/- |
| 11 | പുതിയതായി പ്രൊമോഷൻ ലഭിച്ച എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 1) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ഒക്ടോബർ 7, 8 | 19,358/- |
| 12 | പുതിയതായി പ്രൊമോഷൻ ലഭിച്ച എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 2) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ഒക്ടോബർ 12, 13 | 15,437/- |
| 13 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 15) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 നവംബർ 25, 26 | 13,901/- |
| 14 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 16) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 നവംബർ 26, 27 | 14,101/- |
| 15 | എൽ.പി./യു.പി. പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 17) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 നവംബർ 29, 30 | 16,757/- |
| 16 | പൊതുവിദ്യാഭ്യാസ മേഖലയിൽ കോവിഡ് മഹാമാരി സൃഷ്ടിച്ച ആഘാതം - ഒരു പഠനം എന്ന ഗവേഷണ പദ്ധതിയുടെ ഏകദിന ആശ യരൂപീകരണ ശില്പശാല | കോൺഫറൻസ് ഹാൾ സീമാറ്റ്-കേരള 2021 ഡിസംബർ 13 | 10,142/- |
| 17 | ഗോത്രമേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ : ഒരു പഠനം - ദ്വിദിന ആശയരൂപീകരണ ശില്പ ശാല | കോൺഫറൻസ് ഹാൾ സീമാറ്റ്-കേരള 2021 ഡിസംബർ 13, 14 | 31,372/- |
| 18 | സീമാറ്റ്-കേരള ജീവനക്കാർക്കായുള്ള ഏകദിന ഓറിയന്റേഷൻ പ്രോഗ്രാം | കോൺഫറൻസ് ഹാൾ സീമാറ്റ്-കേരള 2021 ഡിസംബർ 15 | 8,422/- |
| 19 | ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 6) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ഡിസംബർ 20, 21 | 16,328/- |
| 20 | ഹൈസ്കൂൾ പ്രഥമാധ്യാപകർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ കപ്പാസിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 7) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2021 ഡിസംബർ 21, 22 | 16,970/- |

| | | | |
|---|---|---|---|
| 21 | ഡാറ്റാ ബേസ്ഡ് ഇൻസൈറ്റ് (ഡ-സൈറ്റ്) പദ്ധതിയുടെ ഏകദിന ആശയരൂപീകരണ ശിൽപശാല | കോൺഫറൻസ് ഹാൾ സീമാറ്റ്-കേരള 2021 ഡിസംബർ 23 | 3,000/- |
| 22 | പൊതുവിദ്യാഭ്യാസ മേഖലയിൽ കോവിഡ് മഹാമാരി സൃഷ്ടിച്ച ആഘാതം : ഒരു പഠനം എന്ന പദ്ധതിയുടെ വിവരശേഖരണത്തിനായുള്ള ടൂൾ അന്തിമമാക്കുന്നതിന് വേണ്ടി സംഘടിപ്പിച്ച ഏകദിന ശില്പശാല | കോൺഫറൻസ് ഹാൾ സീമാറ്റ്-കേരള 2022 ജനുവരി 12 | 8,949/- |
| 23 | ഗോത്രമേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ : ഒരു പഠനം - പാലക്കാട് ജില്ല കേന്ദ്രീകരിച്ചുള്ള ദത്തശേഖരണവും ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും | ബി.ആർ.സി., അഗളി പാലക്കാട് 2022 മാർച്ച് 9, 10, 11 | 1,07,685/- |
| 24 | ഗോത്രമേഖലയിലെ വിദ്യാഭ്യാസ പ്രശ്നങ്ങൾ : ഒരു പഠനം - ഇടുക്കി ജില്ല കേന്ദ്രീകരിച്ചുള്ള ദത്തശേഖരണവും ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും | ബി.ആർ.സി., മറയൂർ 2022 മാർച്ച് 15, 16, 17 | 88,804/- |
| 25 | പൊതുവിദ്യാഭ്യാസ മേഖലയിൽ കോവിഡ് മഹാമാരി സൃഷ്ടിച്ച ആഘാതം : ഒരു പഠനം - റിപ്പോർട്ട് അന്തിമമാക്കൽ ശില്പശാല | കോൺഫറൻസ് ഹാൾ സീമാറ്റ്-കേരള 2022 മാർച്ച് 22, 23, 24 | 40,800/- |
| 26 | ഹൈസ്ക്കൂൾ പ്രഥമാധ്യാപകർക്കായുള്ള ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ സി.ഇ.പി. ആസൂത്രണ ശില്പശാല | | 21,000/- |
| 27 | ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കായുള്ള ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ എൽ.ഇ.പി. - ആസൂത്രണ ശില്പശാലകൾ | | 18,000/- |
| 28 | പ്രോഗ്രാമുകളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് ചെലവുകൾ | | 1,23,346/- |
| **ആകെ** | | | **7,46,179/-** |
| **ഹയർ സെക്കന്ററി ഡയറക്ടറേറ്റിൽ നിന്നും ലഭിച്ച ഫണ്ട് ഉപയോഗിച്ച് നടത്തിയ പരിശീലനങ്ങൾ** | | | |
| 29 | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 1) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2022 ജനുവരി 27, 28 | 16,500/-* |

| | | | |
|---|---|---|---|
| 30 | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 2) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2022 ജനുവരി 28, 29 | 20,394/-* |
| 31 | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 3) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2022 ഫെബ്രുവരി 8, 9 | 16,500/-* |
| 32 | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 4) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2022 ഫെബ്രുവരി 9, 10 | 16,500/-* |
| 33 | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 5) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2022 ഫെബ്രുവരി 10, 11 | 16,500/-* |
| 34 | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 6) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2022 ഫെബ്രുവരി 18, 19 | 16,300/-* |
| 35 | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 7) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2022 ഫെബ്രുവരി 22, 23 | 16,500/-* |
| 36 | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 8) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2022 ഫെബ്രുവരി 23, 24 | 16,500/-* |
| 37 | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 9) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2022 ഫെബ്രുവരി 24, 25 | 16,500/-* |
| 38 | ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള ദ്വിദിന ഫൗണ്ടേഷൻ ലെവൽ ഓൺലൈൻ ലീഡർഷിപ്പ് എൻഹാൻസ്മെന്റ് പ്രോഗ്രാം (ബാച്ച് - 10) | ഓൺലൈൻ (ഗൂഗിൾ പ്ലാറ്റ്ഫോം) 2022 ഫെബ്രുവരി 25, 26 | 21,115/-* |

* ഹയർസെക്കന്ററി ഡയറക്ടറേറ്റിൽ നിന്നും 2021-22 സാമ്പത്തിക വർഷം ലഭിച്ച 8,10,600/- രൂപ ഉപയോഗിച്ചാണ് ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കുള്ള പരിശീലനം നടത്തിയത്.

| 2005 – 22 കാലയളവിലെ പ്രോഗ്രാം സംഗ്രഹം | | |
|---|---|---|
| വർഷം | പ്രോഗ്രാമുകളുടെ എണ്ണം | പരിശീലനാർഥികൾ |
| 2005-06 | 3 | 70 |
| 2006-07 | 12 | 219 |
| 2007-08 | 67 | 827 |
| 2008-09 | 191 | 6524 |
| 2009-10 | 424 | 13456 |
| 2010-11 | 244 | 9656 |
| 2011-12 | 171 | 6243 |
| 2012-13 | 199 | 5577 |
| 2013-14 | 206 | 7455 |
| 2014-15 | 194 | 6192 |
| 2015-16 | 173 | 4897 |
| 2016-17 | 118 | 5370 |
| 2017-18 | 84 | 12224 |
| 2018-19 | 80 | 2693 |
| 2019-20 | 86 | 2606 |
| 2020-21 | 20 | 3098 |
| 2021-22 | 40 | 3748 |
| **Total** | **2312** | **90855** |

## അദ്ധ്യായം – 9
## 2021–22 ലെ വരവ് ചെലവ് കണക്കുകൾ

| | | |
|---|---|---|
| ബഡ്ജറ്റ് വിഹിതം (പ്ലാൻ ഫണ്ട്) | - | 350 ലക്ഷം രൂപ |
| അനുവദിച്ച തുക | - | 200 ലക്ഷം രൂപ |
| ഓപ്പണിംഗ് ബാലൻസ് | - | 10,13,545/- രൂപ |
| സർക്കാർ 2020–21 ൽ പിടിച്ച തുക തിരികെ ലഭിച്ചത് | - | 18,29,161/- രൂപ |

**<u>എക്സ്പന്റീച്ചർ</u>**

| | | |
|---|---|---|
| പ്രോഗ്രാം & ആക്ടിവിറ്റീസ് | - | 7,46,179/- രൂപ |
| എസ്റ്റാബ്ലിഷ്മെന്റ് (സാലറി & ഓഫീസ് എക്സ്പെൻസ്) | - | 1,26,15,443/- രൂപ |
| **ആകെ** | - | **1,33,61,622/–* രൂപ** |

***സീമാറ്റ്–കേരളയുടെ PSTSB അക്കൗണ്ടിൽ 2022 മാർച്ച് അവസാനം ഉണ്ടായിരുന്ന 94,81,084/– രൂപയിൽ നിന്ന് 84,67,539/– രൂപ സർക്കാർ തിരിച്ചെടുക്കുകയും 10,13,545/– രൂപ 2022 ഏപ്രിൽ മാസത്തിൽ ജീവനക്കാർക്ക് അനുവദിച്ച് നൽകേണ്ട മാർച്ച് മാസത്തെ ശമ്പളത്തിനും എസ്റ്റാബ്ലിഷ്മെന്റ് എക്സ്പെൻസിനുമായി അനുവദിക്കുകയുമാണ് ഉണ്ടായത്.

# അദ്ധ്യായം – 10
# സ്കൂൾ ലീഡർഷിപ്പ് അക്കാദമി - കേരള (SLA-K)

NIEPA ധനസഹായത്തോടെ വിവിധ സംസ്ഥാനങ്ങളിൽ സ്കൂൾ ലീഡർഷിപ് അക്കാദമികൾ പ്രവർത്തിക്കുന്നുണ്ട് (School Leadership Academy - Kerala). കേരളത്തിൽ സീമാറ്റിന്റെ ഭാഗമായാണ് അക്കാദമി സ്കൂൾലീഡർഷിപ് അക്കാമദി - കേരള (SLA-K) എന്ന പേരിൽ പ്രവർത്തിച്ചുവരുന്നത്. ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങൾ 2021-22 ൽ നടത്തുകയുണ്ടായി.

## സ്കൂൾ ലീഡർഷിപ്പ് മോഡൽ അവാർഡ്

സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകൾ അക്കാദമിക-ഭരണ മേഖലകളിൽ നടത്തിയ വേറിട്ട പ്രവർത്തനങ്ങളും  കൈവരിച്ച മികവും കണ്ടെത്തി അംഗീകരിക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്ക്കരിച്ച 2020-21 വർഷത്തെ സ്കൂൾ ലീഡർഷിപ് മോഡൽ അവാർഡുകളുടെ മൂല്യനിർണ്ണയം പൂർത്തിയാക്കി. പൊതുവിദ്യാലയങ്ങൾ കോവിഡ്കാല പ്രതിസന്ധികളെ മറികടക്കാൻ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയ വിവിധ പ്രവർത്തനങ്ങൾക്കും വേർതിരിച്ചെടുത്ത നൂതന മാതൃകകൾക്കും പ്രത്യേക പരിഗണന നൽകിക്കൊണ്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്  2020-21 വർഷത്തെ അവാർഡ് നോമിനേഷനുകൾ ക്ഷണിച്ചത്.ഇപ്രകാരംഎൽ.പി/യു.പി മുതൽ ഹയർ സെക്കൻഡറി/വൊക്കേഷണൽ ഹയർ സെക്കൻഡറി വരെ നാല് തലങ്ങളിലായി ലഭിച്ച നോമിനേഷനുകളുടെ വിലയിരുത്തൽ ഇന്റേണൽ ഇവാല്യൂവേഷൻ, എക്സ്റ്റേണൽ ഇവാല്യൂവേഷൻ, ജൂറി ഇവാല്യൂവേഷൻ എന്നീ മൂന്ന് ഘട്ടങ്ങളായാണ് നടത്തിയിട്ടുള്ളത്.

**പ്രഭാഷണ പരമ്പര**

സ്കൂൾ ലീഡർഷിപ് അക്കാദമി-കേരളയുടെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രഭാഷണ പരമ്പരയിലെ രണ്ടാമത്തെ പ്രഭാഷണം 2021 ഓഗസ്റ്റ് 17 ന് നടന്നു. ''Digital Learning in School Education-the way forward'' എന്ന വിഷയത്തെ അധികരിച്ച് UNRWA-UNESCO Education Programme മുൻ ചീഫ് &ഡയറക്ടറും, Wawasan University, മലേഷ്യയുടെ മുൻ ഡെപ്യൂട്ടി വൈസ് ചാൻസലറുമായ പ്രൊഫ. മോഹൻദാസ് ബി. മേനോൻ ആണ് പ്രഭാഷണം നിർവഹിച്ചത്. ഗൂഗിൾ മീറ്റിൽ  ഓൺലൈനായി നടന്ന പ്രഭാഷണത്തിൽ പൊതുവിദ്യാഭ്യാസ വകുപ്പിലെ ലൈൻ ഏജൻസികളുടെ പ്രതിനിധികൾ, മറ്റ് സംസ്ഥാനങ്ങളിലെ സീമാറ്റ്, എസ്.സി.ഇ.ആർ.ടി., സ്കൂൾ ലീഡർഷിപ് അക്കാദമി, ഡയറ്റ് തുടങ്ങിയ ഏജൻസികളുടെ പ്രതിനിധികൾ, വിദ്യാഭ്യാസ ഓഫിസർമാർ, സ്കൂൾ മേധാവികൾ, ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപന മേധാവികൾ, അധ്യാപക വിദ്യാർത്ഥികൾ തുടങ്ങിയവരടക്കം 220-ൽപ്പരം പേരാണ്

പങ്കെടുത്തത്. സ്കൂൾ ലീഡർഷിപ് അക്കാദമി- കേരളയുടെ യൂട്യൂബ് ചാനലിൽ ലൈവ്സ്ട്രീം ചെയ്യപ്പെട്ട പ്രഭാഷണം ഇരുനൂറോളം പേർ വീക്ഷിക്കുകയും ചെയ്തു.

സ്കൂൾ ലീഡർഷിപ് അക്കാദമി-കേരളയുടെ നേതൃത്വത്തിൽ നടത്തിവരുന്ന പ്രഭാഷണ പരമ്പരയിലെ മൂന്നാമത്തെ പ്രഭാഷണം 2022 മാർച്ച് 31 ന് നടന്നു. കേരളത്തിന്റെ പൊതുവിദ്യാഭ്യാസ ചരിത്രം എന്ന വിഷയത്തെ അധികരിച്ച് ചരിത്ര പണ്ഡിതനും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടറുമായ പ്രൊഫ. വി. കാർത്തികേയൻ നായർ ആണ് പ്രഭാഷണം നിർവഹിച്ചത്. പൊതുവിദ്യാഭ്യാസ വകുപ്പിലെ ലൈൻ ഏജൻസികളുടെ പ്രതിനിധികൾ, വിദ്യാഭ്യാസ ഓഫീസർമാർ, സ്കൂൾ മേധാവികൾ, ടീച്ചർ എഡ്യൂക്കേഷൻ സ്ഥാപന മേധാവികൾ, അധ്യാപക വിദ്യാർത്ഥികൾ തുടങ്ങിയവരടക്കം 160 ൽ പരം പേരാണ് ഗൂഗിൾ മീറ്റിൽ നടത്തിയ പ്രഭാഷണത്തിൽ പങ്കെടുത്തത്. കൂടാതെ നൂറ്റമ്പതോളം പേർ സ്കൂൾ ലീഡർഷിപ് അക്കാദമി-കേരളയുടെ യു ട്യൂബ് ചാനലിലൂടെ ലൈവ് സ്ട്രീം ചെയ്യപ്പെട്ട പ്രഭാഷണം വീക്ഷിച്ചിരുന്നു.

### സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ ഫങ്ഷണൽ സ്കൂൾ ലീഡർഷിപ്പ് (CPFSL)

Programme in School Leadership Management (PSLM) എന്ന പേരിൽ നാഷണൽ സെന്റർ ഫോർ സ്കൂൾ ലീഡർഷിപ് (NCSL) നടത്തിവരുന്ന പ്രോഗ്രാമിന്റെ മൊഡ്യൂളുകൾ കേരളീയ വിദ്യാഭ്യാസ സാഹചര്യത്തിൽ Functional Elements -ന് പ്രാധാന്യം നൽകിക്കൊണ്ട് Certificate Programme In Functional School Leadership എന്ന പേരിൽ പുനഃസംഘടിപ്പിച്ച് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അക്കാദമി ഏറ്റെടുത്തിരുന്നു. ഇതിന്റെ ഭാഗമായി സ്കൂൾ ലീഡർഷിപ് അക്കാദമി-കേരളയുടെ 10 അംഗ അക്കാഡമിക് മൈക്രോ ടീം തയ്യാറാക്കിയ 7 മൊഡ്യൂളുകൾ NCSL വെബ് പോർട്ടലിൽ പ്രസിദ്ധീകരിക്കുന്നതിനായി യൂണിക്കോഡ് ഫോർമാറ്റിൽ NCSL മേധാവിക്ക് അയച്ച് നൽകി.

### SLA-K യൂട്യൂബ് ചാനൽ

സ്കൂൾ ലീഡർഷിപ് അക്കാദമി- കേരളയുടെ വിവിധ പദ്ധതികൾ, നടത്തിവരുന്ന പ്രവർത്തനങ്ങൾ, സ്കൂളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സമഗ്രമായി കൈകാര്യം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് ടഘഅഗ യൂട്യൂബ് ചാനൽ പ്രവർത്തിച്ചുവരുന്നത്. 2020-21 വർഷം 8 വീഡിയോകളാണ് ചാനലിൽ ൗുഹീമറ ചെയ്തിട്ടുള്ള വീഡിയോകളുടെ വിശദാംശങ്ങൾ ചുവടെ.

1. ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ആശംസാ സന്ദേശം
2. ഖര മാലിന്യ സംസ്ക്കരണം സ്കൂളുകളിൽ- ശ്രീ-കേശവൻ നായർ (M.D, Clean Kerala Company Ltd)
3. സ്കൂൾ ഡിസാസ്റ്റർ മാനേജ്മെന്റ് പ്ലാൻ &സ്കൂൾ സേഫ്റ്റി പ്ലാൻ - ശ്രീ. പ്രദീപ്. ജി.എസ്. (Kerala State Disaster Management Authority)

4. പഠനവൈകല്യമുള്ള കുട്ടികളെ കണ്ടെത്തലും സഹായിക്കലും- ഡോ. ജമീല കെ. വാര്യർ ( Psychologist, KIMS Hospital)

5. കോവിഡ്-19 ഡോ.രാജീവ് ജയദേവൻ (Indian Medical Aossciation)

6. ഡിജിറ്റൽ പഠനം സ്കൂൾ വിദ്യാഭ്യാസത്തിൽ - ഡോ. മോഹൻദാസ് ബി. മേനോൻ (Former VC, Wawasan University, Malasiya)

7. ജീവിത നിപുണതാ വിദ്യാഭ്യാസം - ഡോ. അരുൺ ബി. നായർ (Aossciate Profeossr, Govt. Medical College, Trivandrum)

8. സ്കൂൾ നേതൃത്വം- ശ്രീ. മുരുകൻ കാട്ടാക്കട (Director, Malayalam Mission)

9. ബാല സംരക്ഷണ നിയമങ്ങളും ബാലാവകാശങ്ങളും- ശ്രീ. ജോബി കൊണ്ടൂർ (District Coordinator,Childline India Foundation)

10. പരീക്ഷാപ്പേടി മറികടക്കാൻ- ഡോ. അലീനാ ജോൺസൺ (Senior Resident, Dept. of Psychiatry, Govt. Medical College)

**സ്കൂളുകളുടെ ഡോക്യൂമെന്റേഷൻ**

കോവിഡ് കാലത്ത് വ്യത്യസ്തവും നൂതനവുമായ പ്രവർത്തനങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ അഞ്ച് സ്കൂളുകളുടെ സചിത്ര റിപ്പോർട്ട് NCSL ന് സമർപ്പിക്കുകയും, അതുമായി ബന്ധപ്പെട്ട content NCSL യൂട്യൂബ് ചാനലിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

# ഭാഗം – 2
# ഭരണ റിപ്പോർട്ട്

# ഭരണ റിപ്പോർട്ട് 2021-22

വെർച്വൽ ആധിപത്യം നിറഞ്ഞതായിരുന്നു സീമാറ്റ്-കേരളയുടെ 2021-22 ലെ പരിശീലന പരിപാടികൾ. വാർഷിക റിപ്പോർട്ടിൽ അക്കാദമിക പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് കഴിഞ്ഞ സാമ്പത്തിക വർഷം നടന്നതും പ്രത്യേക പരാമർശം അർഹിക്കുന്നവയുമായ ഭരണ കാര്യങ്ങളുടെ സംഗ്രഹം മാത്രമാണ് ഈ റിപ്പോർട്ടിൽ ചേർക്കുന്നത്.

**പൊതു-നിർവ്വാഹണ സമിതി യോഗങ്ങൾ**

ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി അദ്ധ്യക്ഷമായ ജനറൽ കൗൺസിലും (പൊതുസമിതി), മന്ത്രി തന്നെ അദ്ധ്യക്ഷനായ 12 അംഗ എക്സിക്യൂട്ടീവ് കമ്മിറ്റിയും (നിർവഹണ സമിതി) നേതൃത്വം നൽകുന്ന ദ്വിതല ഭരണ സംവിധാനമാണ് സീമാറ്റ്-കേരളയുടേത്.

**രജിസ്ട്രേഷൻ പുതുക്കൽ**

ട്രാവൻകൂർ-കൊച്ചിൻ സയന്റിഫിക്, ലിറ്റററി & ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സീമാറ്റ്-കേരളയുടെ 2020-21 വർഷത്തെ രജിസ്ട്രേഷൻപുതുക്കാൻ കഴിഞ്ഞത് റിപ്പോർട്ട് വർഷത്തെ ശ്രദ്ധേയമായ ഭരണ നേട്ടങ്ങളിൽ ഒന്നാണ്.

**ഇന്റേണൽ കമ്മിറ്റികൾ**

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഭരണസമിതിയുടെയും നിർവാഹക സമിതിയുടെ തീരുമാനങ്ങൾക്കനുസരിച്ച് സർക്കാർ ഉത്തരവുകൾക്കും അനുസൃതമായി മുന്നോട്ട് കൊണ്ടുപോകാൻ ഡയറക്ടറെ സഹായിക്കുകയാണ് സീമാറ്റ്-കേരളയിൽ രൂപീകരിച്ചിരിക്കുന്ന ഇന്റേർണൽ മാനേജ്മെന്റ് കമ്മിറ്റിയും ഫിനാൻസ് കം പർച്ചേസ് കമ്മിറ്റിയുമാണ് ചുമതല. കമ്മിറ്റി അംഗങ്ങൾ തന്നെയാണ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിവിധ ചുമതലകൾക്കായി നിയോഗിക്കപ്പെട്ടിട്ടുള്ളവർ ആണ്. ഔദ്യോഗിക കാര്യങ്ങൾ സുതാര്യമായും ജനാധിപത്യപരമായും ചർച്ച ചെയ്യാനും തീരുമാനങ്ങൾ കൈക്കൊള്ളാനുമുള്ള ഫോറങ്ങളാണ് ഇന്റേർണൽ കമ്മിറ്റികൾ. കാര്യക്ഷമമായ രീതിയിൽ കമ്മിറ്റികൾ പ്രവർത്തിച്ച് വരുന്നു.

ഭരണഭാഷാകമ്മിറ്റി, എക്സ്റ്റേണൽ അംഗങ്ങൾ കൂടി ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റി എന്നിവയും സജീവമായി പ്രവർത്തിച്ചുവരുന്നു.

ഇൻസ്റ്റിറ്റ്യൂട്ടിലെ മുഴുവൻ ചുമതലക്കാരും പങ്കെടുത്ത സ്റ്റാഫ് മീറ്റിംഗുകളും നിശ്ചിത ഇടവേളകളിൽ 2021-22 ൽ നടക്കുകയുണ്ടായി. വിവിധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി

നടത്തുന്നതിന് സീമാറ്റ്-കേരള ഒരു കുടക്കീഴിൽ നിർത്തി വിജയപഥത്തിലൂടെ യാത്ര തുടരുന്നു.

**ടീം-സീമാറ്റിലെ മാറ്റങ്ങൾ**

സീമാറ്റ്-കേരളയുടെ ഡയറക്ടറായിരുന്ന ഡോ. എം.എ. ലാലിന്റെ ഡെപ്യൂട്ടേഷൻ കാലാവധി പൂർത്തിയായതിനെ തുടർന്ന് ഡോ. സാബു എച്ച്. 02/12/2021 -ന് സീമാറ്റ്-കേരള ഡയറക്ടറായി ചുമതലയേറ്റു. ശ്രീ. പ്രധു കെ., ശ്രീ. അനുരാജ് എം.ആർ. എന്നിവരെ മൾട്ടി ടാസ്കിംഗ് അറ്റന്റർമാരായി നിയോഗിച്ചു. NIEPA യുടെ ധനസഹായത്തോടെ നടപ്പിലാക്കി വരുന്ന സ്കൂൾ ലീഡർഷിപ്പ് അക്കാഡമി - കേരളയുടെ (SLA-K) പ്രവർത്തനങ്ങൾക്കായി ജൂനിയർ കൺസൾട്ടന്റായി ചുമതല ഉണ്ടായിരുന്ന മിസ്. അപർണ്ണ ശ്രീവൽസൻ കരാർ കാലാവധി പൂർത്തിയായതിനെ തുടർന്ന് 03/01/2022 ന് വിടുതൽ വാങ്ങിപ്പോയി. ശ്രീമതി. ശ്രീദേവി കെ. (ഹൈജീൻ ഗ്രീൻ പ്രോട്ടോകോൾ മാനേജ്മെന്റ്), ശ്രീമതി. ലത കെ. (സ്വീപ്പർ), ശ്രീമതി. സീമ ബി.എൻ. (ക്ലാർക്ക്), ശ്രീ. എറിക്സൺ ഐ. ലോപസ് (ക്ലാർക്ക്) എന്നിവരെ ദിവസ വേതനാടിസ്ഥാനത്തിൽ നിയോഗിച്ചു. ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനങ്ങളുമായും മൊഡ്യൂൾ പ്രിപ്പറേഷനുമായും മൊഡ്യൂൾ മാനേജ്മെന്റുമായും ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ കൺസൾട്ടന്റായി ശ്രീമതി. അരുണ സി.ആർ. നെ നിയോഗിച്ചു.

**<u>ഉപസംഹരിക്കുമ്പോൾ</u>**

2021-22 ൽ സീമാറ്റ്-കേരളയുടെ അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലെ വിവിധ ചുമതലക്കാരുടെ സജീവ പങ്കാളിത്തോടു കൂടിയാണ് അക്കാദമിക പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളത്. എല്ലാ അർത്ഥത്തിലും സീമാറ്റ്-കേരളയെ സംബന്ധിച്ചിടത്തോളം 2021-22 സാർത്ഥകമായ വർഷമായിരുന്നു.

# ഭാഗം – 3

# ഓഡിറ്റ് റിപ്പോർട്ടും ഓഡിറ്റഡ് അക്കൗണ്ട്സും